കേരള സർക്കാർ കൃഷി വകുപ്പ്

# മരട് കാർഷിക നഗര മൊത്തവ്യാപാര വിപണി

നെട്ടൂർ പി .ഒ , എറണാകുളം ജില്ല. പിൻ :682040,
ഫോൺ :0484-2701042 ,ഇ -മെയിൽ :maraduwholesale @gmail.com

AUWM (2) 66/2021 തിയതി: 11-08-2021

## ദർഘാസ്/ലേലപരസ്യം

എറണാകുളം ജില്ലയിൽ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന മരട്കാർഷിക നഗര മൊത്ത വ്യാപാര വിപണിയിലെ ഭക്ഷണശാല കരാർ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിനായി പ്രവർത്തന മേഖലയിൽ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഭക്ഷണശാല നടത്തി പരിചയ സമ്പന്നരായവരിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവച്ച ദർഘാസുകൾ നിബന്ധനയ്ക്ക് വിധേയമായി ക്ഷണിച്ച് കൊള്ളുന്നു. ഉന്നതനിലവാരത്തിൽ ഹോട്ടലുകൾ നിലവിൽ നടത്തുന്നവർക്കും ടെൻഡർ സമർപ്പിക്കാവുന്നതാണ്. ഒരേസമയം ഒന്നിലധികം ക്യാന്റീൻ റെസ്റ്റോറന്റ് ഹോട്ടൽ നടത്തി മുൻപരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പ്രവർത്തി പരിചയം സംബന്ധിച്ച രേഖകളും മറ്റും ടെൻഡറിനോടൊപ്പം സമർപ്പിക്കേതാണ്.

| വിശദവിവരം | നിരതദ്രവ്യം (രൂപ) | പരിപാലനകാലയളവ് | ദർഘാസിന്റെ വില (രൂപ) | വില്പനസമയം അവസാനിക്കുന്ന സമയം | ദർഘാസ് സ്വീകരിക്കുന്ന അവസാനിക്കുന്ന സമയം | ദർഘാസ് തുറക്കുന്നസമയം |
|---|---|---|---|---|---|---|
| മരട് കാർഷിക നഗരമൊത്ത വ്യാപാര വിപണിയിലെ ക്യാന്റീൻ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് | 20000 | 11 മാസം | 500+18% GST | 31-08-2021 11.00 am | 31-08-2021. 1.00 pm | 31-08-2021 3.00 pm |

ദർഘാസിന്റെ പകർപ്പിന് 250 രൂപയും ടി. നിരക്കിലുള്ള GST ചേർത്ത് ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില പണമായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നിരതദ്രവ്യം താഴെ ഒപ്പിട്ട ഉദ്യോഗസ്ഥന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി വാങ്ങേണ്ടതും നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസ്സുകൾ നിരസിക്കുന്നതുമാണ് . കരാർ ഏറ്റെടുക്കുന്ന ആൾ 3 മാസത്തെ വാടകത്തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടയ്ക്കേണ്ടതുമാണ്. ദർഘാസുകൾ തുറക്കുന്ന സമയത്ത് ഉയർന്ന തുക രേഖപ്പെടുത്തുന്ന കരാറുകാരൻ ഒരുമാസത്തെ വാടക തുക ഒടുക്കി രസീത് കൈപ്പറ്റേണ്ടതാണ്. 7 ദിവസത്തിനകം 2 മാസത്തെ തുക കൂടി ഒടുക്കാത്ത പക്ഷം ഒരു കാരണവശാലും കരാറിൽ തുടരുവാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല. എല്ലാ മാസവും പതിനഞ്ചാം തിയതി വാടക ഒടുക്കാത്ത പക്ഷം മറ്റൊരറിയിപ്പ് കൂടാതെ കരാർ റദ്ദാക്കുന്നതാണ്

**31-08-2021, 3.00.PM** ന് ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ അംഗീകൃത പ്രതിനിധികളുടേയോ സാന്നിധ്യത്തിൽ ദർഘാസ് സ്വീകരിച്ച സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോദർഘാസ്സുകൾ തുറക്കുന്നതായിരിക്കും.

ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തുന്നതും ഉത്തരവാദിത്വത്തോടെ കരാർ ഏറ്റെടുക്കുന്നതുമായ ആൾക്ക് കരാർ താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. പരസ്യത്തെ സംബന്ധിച്ച് എല്ലാ വിവരങ്ങൾക്കും താഴെ ഒപ്പുവച്ചതും ദർഘാസ്സുകൾ സ്വീകരിക്കുകയും തുറക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥനിൽ നിന്ന് നേരിട്ട് പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

കേരള സർക്കാരിന്റെ ദർഘാസ്സുകളെ സംബന്ധിച്ച എല്ലാ നിയമങ്ങളും ചട്ടങ്ങളും ഇതിനും ബാധകമാണ്.

**മറ്റ് നിബന്ധനകൾ**

1.ഭക്ഷണശാല ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ നിയമങ്ങൾക്ക് വിധേയമായി ആയിരിക്കണം പ്രവർത്തിക്കേണ്ടത്.

2.പൊതുവായിട്ടുള്ള ഭക്ഷണങ്ങളുടെ വില നിലവാരം മാർക്കറ്റ് അതോറിറ്റിയുമായി ആലോചിച്ച് വേണം നിശ്ചയിക്കേണ്ടത്.

3. ഭക്ഷണശാല നടത്തുന്നതിനുള്ള കെട്ടിടം മാത്രമേ ഈ ഓഫീസിൽ നിന്ന് അനുവദിക്കുകയുള്ളൂ. വൈദ്യുതി കരം ഭക്ഷണ ശാലയുടെ നടത്തിപ്പ് ഉറപ്പിച്ച് കിട്ടുന്ന വ്യക്തി /സ്ഥാപനം തന്നെ ഒടുക്കേണ്ടതാണ്.

4. മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും കരാർ ഉറപ്പിക്കുന്നത്. മാർക്കറ്റിലെ പൊതു നിയമങ്ങൾക്കനുസരിച്ച് വേണം ഭക്ഷണശാലയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

5. ക്യാന്റീൻ പ്രവർത്തന സമയം നിലവിലുള്ള നിയമങ്ങൾക്കും കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്കും തീരുമാനങ്ങൾക്കും വിധേയമായിരിക്കും.

സെക്രട്ടറി

മരട് കാർഷിക നഗരമൊത്ത വ്യാപാര വിപണി

**31-08-2021, 3.00.PM** ന് ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ അംഗീകൃത പ്രതിനിധികളുടേയോ സാന്നിധ്യത്തിൽ ദർഘാസ് സ്വീകരിച്ച സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോദർഘാസ്സുകൾ തുറക്കുന്നതായിരിക്കും.

ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തുന്നതും ഉത്തരവാദിത്വത്തോടെ കരാർ ഏറ്റെടുക്കുന്നതുമായ ആൾക്ക് കരാർ താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. പരസ്യത്തെ സംബന്ധിച്ച് എല്ലാ വിവരങ്ങൾക്കും താഴെ ഒപ്പുവച്ചതും ദർഘാസ്സുകൾ സ്വീകരിക്കുകയും തുറക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥനിൽ നിന്ന് നേരിട്ട് പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

കേരള സർക്കാരിന്റെ ദർഘാസ്സുകളെ സംബന്ധിച്ച എല്ലാ നിയമങ്ങളും ചട്ടങ്ങളും ഇതിനും ബാധകമാണ്.

**മറ്റ് നിബന്ധനകൾ**

1. ഭക്ഷണശാല ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ നിയമങ്ങൾക്ക് വിധേയമായി ആയിരിക്കണം പ്രവർത്തിക്കേണ്ടത്.

2. പൊതുവായിട്ടുള്ള ഭക്ഷണങ്ങളുടെ വില നിലവാരം മാർക്കറ്റ് അതോറിറ്റിയുമായി ആലോചിച്ച് വേണം നിശ്ചയിക്കേണ്ടത്.

3. ഭക്ഷണശാല നടത്തുന്നതിനുള്ള കെട്ടിടം മാത്രമേ ഈ ഓഫീസിൽ നിന്ന് അനുവദിക്കുകയുള്ളൂ. വൈദ്യുതി കരം ഭക്ഷണ ശാലയുടെ നടത്തിപ്പ് ഉറപ്പിച്ച് കിട്ടുന്ന വ്യക്തി /സ്ഥാപനം തന്നെ ഒടുക്കേണ്ടതാണ്.

4. മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും കരാർ ഉറപ്പിക്കുന്നത്. മാർക്കറ്റിലെ പൊതു നിയമങ്ങൾക്കനുസരിച്ച് വേണം ഭക്ഷണശാലയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

5. ക്യാന്റീൻ പ്രവർത്തന സമയം നിലവിലുള്ള നിയമങ്ങൾക്കും കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്കും തീരുമാനങ്ങൾക്കും വിധേയമായിരിക്കും.

11/8/2021

സെക്രട്ടറി
മരട് കാർഷിക നഗരമൊത്ത വ്യാപാര വിപണി

**SECRETARY**
Joint Director of Agriculture
Agricultural Urban Wholesale Market
Maradu, Nettoor P.O., Ernakulam
Pin-682040